23

# ഒരു മാന്ത്രികന്റെ പരിവർത്തനം

## (8:5- 24)

"മാന്ത്രികൻ" എന്ന വാക്കു കേൾക്കുമ്പോൾ നിങ്ങൾ എന്താണ് വിചാരിക്കുന്നത്? തൊപ്പിയിൽ നിന്നു മുയലുകളെ വലിച്ചെടുക്കുന്നതും? ഒരു സ്ത്രീയെ നേർപകുതിയായി അറുത്തുമാറ്റുന്നതും ആണോ? ചില വസ്തുക്കൾ രഹസ്യമായി പ്രത്യക്ഷമാകയും അപ്രത്യക്ഷമാകയും ചെയ്യും? നിങ്ങൾ നല്ലൊരു മാന്ത്രികന്റെ ഷോ കണ്ടിട്ടുണ്ടെങ്കിൽ, ഒന്നു രണ്ടു വിസ്മയങ്ങളും ഒന്നു രണ്ടുതവണ വിഡ്ഢികളാക്കുന്നതും കാണാം. അനേക വിസ്മയങ്ങളെ ജനിപ്പിച്ച ഒരു മാന്ത്രികനെ കുറിച്ചാണ് പാഠം.

നമ്മുടെ പഠനവിഷയം, "ഒരു മാന്ത്രികന്റെ പരിവർത്തനം" എന്നാണ്. "പരിവർത്തനം" എന്നതിന്റെ അർത്ഥം "മാറ്റം" എന്നാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കാവുന്ന ഏറ്റവും വലിയ മാറ്റമാണ് ക്രിസ്ത്യാനിയാവുക എന്നത്. അതിനു ശേഷവും, കൂടെ, മറ്റു മാറ്റങ്ങളും ആവശ്യമാണ് (ലൂക്കൊസ് 22:32) നാം ഈ പാഠത്തിൽ നോക്കുമ്പോൾ, ഈ മാന്തികന് ഒന്നിലധികം "പരിവർത്തന" പ്രശ്നം ഉണ്ടാകുന്നുണ്ട്.

വർഷങ്ങളായി, ഈ മനുഷ്യനെക്കുറിച്ചു ധാരാളം ദൈവശ്വാസിയമല്ലാത്ത പാരമ്പര്യകഥകൾ ഉയർന്നിട്ടുണ്ട്, എന്നാൽ *ബൈബിളിൽ* പറയുന്നതു മാത്രമാണ് പ്രാഥമികമായി നമുക്ക് ഇഷ്ടം. നമ്മുടെ പഠനത്തെ നമുക്കു നാലായി ഭാഗിക്കാം.

**വികൃതനായ പാപി (8:5-11)**

ശമര്യയിൽ ആദ്യമായി ക്രിസ്തുവിനെ പ്രസംഗിക്കുവാൻ പോയ ഒരു സുവിശേഷകനായ ഫിലിപ്പൊസിനെ പരിചയപ്പെടുത്തി യാണ് നമ്മുടെ കഥ ആരംഭിക്കുന്നത് (വാക്യം 5). അപ്പൊസ്തലന്മാർ അവന്റെ മേൽ കൈവെച്ചു, അങ്ങനെ അവൻ അത്ഭുതം ചെയ്യുവാൻ ശക്തനായി (വാക്യങ്ങൾ 6–8). അവൻ ദൈവത്തിൽ നിന്നാണെന്നു തെളിയിക്കുന്നതിനായിരുന്നു ആ അത്ഭുതങ്ങൾ. ആ സമയത്താണ്, ഒരു

മാന്ത്രികനെ പരിചയപ്പെടുന്നത്:

> എന്നാൽ ശിമോൻ എന്നു പേരുള്ളോരു പുരുഷൻ, ആ പട്ടണത്തിൽ ആഭിചാരം ചെയ്തു, താൻ മഹാൻ എന്നു പറഞ്ഞു; ശമര്യ ജാതിയെ ഭ്രമിച്ചുപോന്നു, "ഇവൻ മഹതി എന്ന ദൈവശക്തിയാകുന്നു" എന്നും പറഞ്ഞു; ആബാലവൃദ്ധം, എല്ലാവരും, അവനെ ശ്രദ്ധിച്ചുവന്നു, ഇവൻ ആഭിചാരം കൊണ്ടു ഏറിയ കാലം അവരെ ഭ്രമിപ്പിക്കയാൽ അത്രേ അവർ അവനെ ശ്രദ്ധിച്ചത് (വാക്യങ്ങൾ 9–11).

ഇതാ നമ്മുടെ മാന്ത്രികൻ: ശിമോൻ എന്ന ആഭിചാരക്കാരൻ. ചിലപ്പോൾ അയാൾ "ശിമോൻ മാഗസ്" എന്നും മാന്ത്രികനായ ശിമോൻ എന്നും വിളിച്ചിട്ടുണ്ട്. "മാജിക്ക് പരിശീലിക്കുന്നതു" തർജ്ജിമചെയ്തിരിക്കുന്നതു (KJV യിൽ; അല്ലെങ്കിൽ "ആഭിചാര പരിശീലനം" എന്നാണ്) *മാഗിയോൺ* - എന്ന വാക്കാണ് അതു നമ്മുടെ "മാജിക്" എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു.

അക്കാലത്ത് മാജിക് ഒരു പ്രത്യേക തരം കച്ചവടമായിരുന്നു: ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ, മാജിക് തമാശക്കുവേണ്ടി ചെയ്യുന്നതാണ്; സ്വാഭാവികമായിട്ടാണ് ഈ അഭ്യാസം നടത്തുന്നതെന്നു അവർ സമ്മതിക്കും അനേക വായനശാലകളിൽ മാജിക് രഹസ്യങ്ങൾ പറയുന്ന പുസ്തകങ്ങൾ ഇന്നു ലഭ്യമാണ്, അതു വാങ്ങി "മാജിക്കിലെ" പുതിയ സംഭവങ്ങൾ പഠിക്കാം. എന്നാൽ, അക്കാലത്തു, മാജിക് വളരെ ഗൗരവമായ ഒരു വ്യാപാരമായിരുന്നു. രഹസ്യങ്ങൾ അസൂയാവഹമായി വീട്ടിൽ സൂക്ഷിക്കുകയും അടുത്ത തലമുറയിലേക്കു കൈമാറുകയും ചെയ്തിരുന്നു. ആൺകുട്ടികളെ ബാല്യം മുതൽ അവരുടെ അപ്പന്മാരെ അനുകരിക്കാൻ പഠിപ്പിച്ചിരുന്നു ചിലപ്പോൾ ചെറിയ കുട്ടികൾ അവരുടെ കൈകളിൽ വലിയ കല്ലുകൾ ദീർഘസമയം പിടിക്കണമായിരുന്നു. അങ്ങനെ പിന്നീട് അവരുടെ കൈയിൽ അവരുടെ അപ്പന്മാർ അവരെക്കൊണ്ട് വലിയ വസ്തുക്കൾ ഒതുക്കുവാൻ പാകമാക്കുകയാണ് പലപ്പോഴും, ഈ മാന്ത്രികർ തങ്ങൾ ഇതു ചെയ്യുന്നതു പ്രത്യേക ശക്തി കൊണ്ടാണെന്ന നാട്യത്തിൽ പറയും - സാധാരണ ഇത്തരം ശക്തികൾ ദൈവവുമായി ബന്ധപ്പെടുത്തി പറയും, "ഒരു ദൈവം." ആഭിചാരക്കാരനായ ശിമോനും ഇതായിരുന്നു ചെയ്തത്. നമ്മുടെ വേദഭാഗം പറയുന്നതു, അവൻ ഇതു ചെയ്തതു "മഹതി" എന്ന ദൈവശക്തി കൊണ്ടായിരുന്നു എന്നാണ് പറഞ്ഞത്.

ശിമോന്റെ അവകാശവാദങ്ങൾ എന്തെല്ലാമായിരുന്നു എന്നു കൃത്യമായി നമുക്ക് അറിഞ്ഞുകൂടാ മുൻപുണ്ടായിരുന്ന ഒരു ക്രിസ്തീയ എഴുത്തുകാരനായിരുന്ന ഐറേനിയസ് (എ.ഡി. 120–195) പറഞ്ഞു, ശിമോൻ തന്നെത്താൻ ഉയർത്തി ദൈവമാണെന്ന നാട്യത്തിൽ പ്രചരിച്ചിരുന്നു. സ്പഷ്ടമായി, ശിമോൻ ഒരു സ്ത്രീയുടെ അസാധാരണ ശക്തി അവകാശപ്പെട്ടിരുന്നു, അവൾ പിന്നീട് ഭൂമിയെ രൂപപ്പെടുത്തി എന്നും പിന്നീട് വീണു മനുഷ്യ രൂപത്തിലായി എന്നും പറയുന്നു. ഐറേനിയസ് പറയുന്നത്, ശിമോൻ മനുഷ്യനായി വന്നതു ഈ സ്ത്രീയെ വീണ്ടെ

ടുക്കുന്നതിനും തന്നിൽ വിശ്വസിക്കുന്നവരേയും വീണ്ടെടുക്കുന്നതനു മാണ് എന്നത്രെ.

ശിമോൻ എന്തെല്ലാം കഥകൾ പ്രചരിപ്പിച്ചിരുന്നെങ്കിലും, അതു ആളുകളെ ആകർഷിക്കുന്നതായിരുന്നു, അവൻ നല്ലൊരു മാന്ത്രിക നുമായിരുന്നു, നമ്മുടെ വേദഭാഗം പറയുന്നതു, ശമര്യർ *മുഴുവനും* അവനാൽ ഇന്നും ചിലർ അത്ഭുതങ്ങൾ ചെയ്യാൻ കഴിയുമെന്നവകാശ പ്പെടുന്നവർ "അതു ദൈവശക്തിയാണെന്നാണ് ആളുകൾ ധരിച്ചത്" ഇന്നും ചിലർ അത്ഭുതങ്ങൾ ചെയ്യാൻ കഴിയുമെന്നവകാശപ്പെടുന്നവർ അതു ദൈവശക്തിയാണെന്നു പറയുകയും, അനേകർ വിശ്വസിക്കു കയും ചെയ്യും. ഈ അവകാശങ്ങൾ ആളുകളെ അമ്പരപ്പിക്കും കാരണം അതിനോടൊപ്പം വരുന്ന സാക്ഷ്യങ്ങളാണ്: "ഞാൻ അതു എന്റെ കണ്ണുകൾ കൊണ്ടു കണ്ടതാണ്"; "അവിടെ ആ അത്ഭുതം നട ന്നതായി ഞാനും കേട്ടു" പരിഭ്രാന്തരായ ജനങ്ങൾ സംശയിക്കും, "ഈ മനുഷ്യനിൽ എന്തെങ്കിലും ദൈവശക്തിയില്ലെങ്കിൽ ഈ ആളുക ളൊക്കെ പറയുന്നതെന്താണ്?" ശിമോൻ ചെയ്ത അത്ഭുതങ്ങളെപ്പറ്റി ശമര്യയിലുള്ള എല്ലാവരും "സാക്ഷ്യം പറഞ്ഞിരുന്നു" എന്നാണ്, അതെ ന്താണ് തെളിയിക്കുന്നത്? ആളുകൾ എന്താഗ്രഹിക്കുന്നുവോ അതു കേൾക്കുമ്പോൾ വിശ്വസിക്കും എന്നാണ് അതു തെളിയിക്കുന്നത്.

"അവൻ വലിയ ദൈവശക്തിയാണ്" എന്ന് ശിമോൻ വിചാരിച്ചി രുന്നോ എന്നെനിക്കറിഞ്ഞുകൂടാ. അവൻ അങ്ങനെ ചെയ്തിരുന്നെ ങ്കിൽ, തന്നെ ഞാൻ വിഡ്ഢിയാക്കുകയായിരുന്നു, കാരണം അവൻ "വലിയ" പാപിയായിരുന്നു. അവന്നു രക്ഷയും ആവശ്യമായിരുന്നു.

### പരിവർത്തനം ചെയ്തു (8:5, 12, 13)

ഫിലിപ്പൊസ് ശമര്യയിൽ വന്നു യഥാർത്ഥ അത്ഭുതം ചെയ്തപ്പോൾ, ശിമോൻ അറിയപ്പെട്ട മാന്ത്രികനായിരുന്നേക്കാമെങ്കിലും അവന്റെ കര വിരുതുസൂത്രം അപ്രസക്തമായി തീർന്നു. ശിമോനു നല്ല "കൺകെ ട്ടുവിദ്യയും" അറിയാമായിരുന്നേക്കാം (അങ്ങനെയാണ് അവരുടെ ചെയ്തികളെ പറയുന്നത്), എങ്കിലും ഫിലപ്പൊസിന്റെ ദൈവിക സന്ദേ ശവുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ലാതായി!

> ഫിലിപ്പൊസ് ശമര്യപട്ടണത്തിൽ ചെന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു (വാക്യം 5).

> എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും, സ്നാനമേറ്റു (വാക്യം 12).

ശമര്യക്കാർ വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്തപ്പോൾ, അവർ ക്രിസ്ത്യാനികളായി തീർന്നു (11:26), അവർ സഭയിലെ അംഗങ്ങളായി തീർന്നു (1 കൊരിന്ത്യർ 12:13, 27), അങ്ങനെ രാജ്യത്തിലെ

പൗരന്മാരും ആയി (യോഹന്നാൻ 3:5).

ഇതിനോടെല്ലാം ശിമോൻ പ്രതികരിച്ചതെങ്ങനെ? ആദ്യം വളരെ മോശമായിട്ടായിരിക്കും എന്നു ഞാൻ കരുതുന്നു. ശിമോനു വലിയ ശക്തി ഉണ്ടെന്നായിരുന്നു ആളുകൾ വിചാരിച്ചത്. അവനു വളരെയധികം സംഭാവനകളും കിട്ടിയിരിക്കും. അപ്പോൾ, പെട്ടെന്നു, ഒരാൾ വന്നു ജനക്കൂട്ടത്തിന്റെ ശ്രദ്ധ തന്നിൽ നിന്നകറ്റുന്നു. മറ്റൊരു വിദ്വാനായ എലിമാസിന്ന് തന്റെ സ്വാധീനത്തിനു ഭീഷണി നേരിട്ടപ്പോൾ അവൻ എതിർത്തു നിന്നതായി 13-ാം അദ്ധ്യായം വ്യക്തമാകുന്നുണ്ട്. അത്ഭുതം ചെയ്ത ഒരാളോട് എതിർക്കുകയും ദൈവവചനത്തിന് തടസ്സമായി നിന്നതിനാൽ കുരുടനായി തീരുകയും ചെയ്തു! ശിമോനും ഇത്തരത്തിൽ പ്രതികരിക്കാമായിരുന്നു, പക്ഷെ അങ്ങനെ ചെയ്തില്ല.

"ശിമോൻ" എന്നതു എബ്രായ വാക്കാണ്. അർത്ഥം "കേൾ ക്കൽ" എന്നാണ് (ചിലപ്പോൾ, "സ്വീകരിക്കാനുള്ള കേൾക്കൽ എന്നും അർത്ഥ മുണ്ട്"). അവൻ കേൾക്കുവാനും പഠിക്കുവാനും, താല്പര്യമുള്ളവർ ആയിരുന്നു. ഫിലിപ്പൊസിന്റെ അത്ഭുതം വാസ്തവമാണോ എന്നു വിധി ക്കുവാൻ ശിമോനേക്കാൾ യോഗ്യതയുള്ള മറ്റാരും കാണുകയില്ല. അവന്റെ മന്ത്രത്തിലെ സൂത്രം അവനറിയാമായരുന്നു. ജനക്കൂട്ടത്തിന്റെ മാനസികാവസ്ഥ അവനറിയാമായിരുന്നു: തെളിവുകൾ എങ്ങനെ വ്യാജമാകുന്നുവെന്നു അവനറിയാം. "ശിമോൻ താനും വിശ്വസിച്ചു സ്നാനം എറ്റു ഫിലിപ്പൊസിനോടു ചേർന്നുനിന്നു, വലിയ വീര്യപ്ര വൃത്തികളും അടയാളങ്ങളും നടക്കുന്നതു കണ്ടു ഭ്രമിച്ചു" (വാക്യം 13). "ഭ്രമിച്ചു" എന്ന വാക്കിനുപയോഗിച്ച അതേ ഗ്രീക്കു വാക്കുതന്നെ യാണ് ശീമോന്റെ മന്ത്രവാദത്താൽ ശമര്യരെ ഭ്രമിപ്പിച്ചു എന്ന 9 ഉം 11 ഉം വാക്യങ്ങളിലും ഉണ്ടത്, ഒരു പഴയ ചൊല്ലു പറയുകയാണെങ്കിൽ, ഇപ്പോൾ സ്ലൈഡ് മറ്റെ കാലിൽ ആയി. മുൻപു, മാന്ത്രികർ തന്റെ മന്ത്രത്താൽ ശമര്യപട്ടണത്തെ ഭ്രമിപ്പിച്ചുവെങ്കിൽ; ഇപ്പോൾ യഥാർത്ഥ അത്ഭുതം നടന്നപ്പോൾ *മന്ത്രവാദിയും* ഭ്രമിച്ചു പോയി!

മാന്ത്രികന്റെ സൂത്രവും അത്ഭുതവും തമ്മിൽ വളരെയധികം വ്യത്യാസം ഉണ്ട്. മാന്ത്രികന്റെ വിദ്യകൾ സാധാരണ ചെറുതും പ്രായോ ഗിക വിലയില്ലാത്തതുമാണ് തൊപ്പിക്കുള്ളിൽ നിന്നു മുയലിനെ വലി ച്ചെടുക്കുന്നതു രസരകമാണ്, പക്ഷേ അതിനു എന്തു പ്രായോഗികവില യാണുള്ളത് (ചിലപ്പോൾ ആ ഹാറ്റ് വൃത്തിയാക്കുന്നവർക്കു അല്പം പണം കിട്ടുമെന്നൊഴിച്ചാൽ)? മറിച്ച് ഫിലിപ്പൊസ് വന്നപ്പോൾ, ആളു കളെ സുഖപ്പെടുത്തി, ചില ജാല വിദ്യക്കാർ സ്പൂണുകൾ വളക്കു ന്നതും ക്ലോക്കുകൾ നിറുത്തുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവർക്കുള്ള ഈ വിദ്യ വാസ്തവമെങ്കിൽ അവർക്കു വിദേശനയവും യുദ്ധങ്ങുളും നിറുത്തുവാൻ കഴിയണം!

ശിമോൻ ഫിലപ്പൊസിന്റെ അത്ഭുതങ്ങൾ കാണുകയും വാക്കകൾ കേൾക്കുകയും ചെയ്തപ്പോൾ ആ സന്ദേശം സത്യമാണെന്നു അവന്നു ബോദ്ധ്യമായി. ആ സന്ദേശത്തെ പ്രതികരിച്ചവരുടെ കൂടെ ശിമോനും ചേർന്നു, "ശിമോൻ താനും വിശ്വസിച്ചു; സ്നാനമേറ്റു, ഫിലിപ്പോസി നോടു ചേർന്നുനിന്നു" (വാക്യം 13). പലപ്പോഴും ആളുകൾ പറയു

ന്നതു ശിമോൻ വെറുതെ പോയി സ്നാനമേറ്റതല്ലാതെ, വാസ്തവത്തിൽ പരിവർത്തനം ചെയ്തിട്ടില്ല എന്നാണ്. ആളുകൾക്കു ഈ ആശയം ബൈബിളിൽ നിന്നു കിട്ടിയതല്ല, ചുറ്റുപാടുമുള്ള മനുഷ്യരുടെ പാര മ്പര്യത്തിൽ നിന്നു കിട്ടിയതാകാം ബൈബിളിൽ പറയുന്നതു "ശിമോൻ താനും വിശ്വസിച്ചു" എന്നാണ് വേറൊരു വിധത്തിൽ പറഞ്ഞാൽ, ശിമോൻ ചെയ്തതു ശമര്യക്കാർ ചെയ്തതു തന്നെയായിരുന്നു. രണ്ടു സംഭവത്തിലേക്കും "വിശ്വാസ" ത്തിനുപയോഗിച്ച മൂലവാക്കു ഒന്നു തന്നെ അവൻ പരിവർത്തനം ചെയ്തിരുന്നെങ്കിൽ, ശമര്യക്കാരും പരി വർത്തം ചെയ്തിരുന്നില്ല എന്നു പറയേണ്ടിവന്നു. കൂടാതെ, അവൻ "സ്നാനം" ഏറ്റു; ശീമോന്റെ കാര്യത്തിലും ശമര്യരുടെ കാര്യത്തിലും ഒരേ വാക്കാണ് ഉപയോഗിച്ചത് വിശ്വസിക്കയും സ്നാനം ഏറ്റു. ശീമോന്റെ കാര്യത്തിലും ശമര്യരുടെ കാര്യത്തിലും ഒരേ വാക്കാണ് ഉപയോഗിച്ചത്. യേശുവാഗ്ദാനം ചെയ്തത്: "വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ *രക്ഷിക്കപ്പെടും* എന്നാണ് (മർക്കൊസ് 16:16; എംഫസിസ് മൈൻ) ബൈബിൾ പ്രകാരം, ആചാരക്കാരനായി രുന്ന ശിമോൻ രക്ഷിക്കപ്പെട്ട ശിമോനായി തീർന്നു. വലിയ മാറ്റം അവന്റെ ജീവിതത്തിൽ സംഭവിച്ചു; അവൻ *പരിവർത്തനം* ചെയ്യപ്പെട്ടു.

എങ്കിലും, കഥ അവസാനിച്ചില്ല.

### തെറ്റിപ്പോകുന്ന മകൻ (8:14-19, 23)

ശമര്യയിലേക്കു സുവിശേഷം വ്യപിച്ചു എന്നു യെരുശലേമിലെ അപ്പൊസ്തലന്മാർ കേട്ടപ്പോൾ, പത്രൊസിനേയും യോഹന്നാനെയും അവർ പുതിയ ക്രിസ്ത്യാനികളിൽ കൈവെയ്പ് നടത്തി അത് അത്ഭുത വരങ്ങൾ ലഭിക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ അവരെ അയയ്ക്കുക പതിവായിരുന്നു. അങ്ങനെ പുതിയ ക്രിസ്ത്യാനികൾ എങ്ങനെ രക്ഷി ക്കണം എന്ന അറിവു അവർക്ക് കിട്ടുമായിരുന്നു (ശ്രദ്ധിക്കേണ്ട കാര്യം എന്തെന്നാൽ അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ച – ഫിലിപ്പൊസി നെപോലെയുള്ളവർക്കു – ആ ശക്തി മറ്റുള്ളവരിലേക്കു പകരുവാൻ കഴിഞ്ഞിരുന്നില്ല. അപ്പൊസ്തലന്മാരാൽ മാത്രമാണ് ഈ വരങ്ങൾ നല്ക പ്പെട്ടിരുന്നത് [വാക്യം 18] അപ്പൊസ്തലന്മാർ മരിച്ചതോടെ അത്തരം ശക്തിയും നിന്നു.)

പുതിയ ക്രിസ്ത്യാനികളിൽ അപ്പൊസ്തലന്മാർ കൈവെച്ചപ്പോൾ, ഏറ്റവും ചെറിയവർക്കു പോലും ശിമോൻ മുമ്പ് ചെയ്തതിനേക്കാൾ വലിയ അത്ഭുതങ്ങൾ ചെയ്യാൻ കഴിഞ്ഞു. അതു സംഭവിച്ചപ്പോൾ തനിക്കു അടിസ്ഥാനപരമായി സ്വാഭാവസംബന്ധമായ ഒരു പ്രശ്നം ഉണ്ടെന്നുവെളിപ്പെടുത്തി. സ്നാനത്തിനു മുൻപു നാം മാനസാന്തര പ്പെടണം (പ്രവൃത്തി 2:38), എങ്കിലും അടിസ്ഥാനപരമായി അതേ വ്യക്തി കൾ തന്നെയാണ് – ദൈവ സഹായത്താൽ നമ്മുടെ ആയുഷ് ക്കാലം മുഴുവൻ നാം മാറിക്കൊണ്ടിരിക്കണം. ശിമോന്റെ കാര്യത്തിൽ, "വലിയ ദൈവശക്തിയിൽ" നിന്നു ജനക്കൂട്ടത്തിലെ ഒരാളായി മാറുന്നതു ഒരു രാത്രിയിലെ ക്രമീകരണം കൊണ്ടാകുന്നതായിരുന്നില്ല. തന്റെ അഭിലാ ഷത്തെ അടക്കുന്നതിൽ ശിമോൻ ശ്രദ്ധേയമായ നേട്ടം കൈവരിച്ചെ

ങ്കിലും, എന്നാൽ ശക്തനായ ഒരാളെ കാണുവാനിടയായപ്പോൾ, പരീക്ഷണം അവനെ നന്നായി പിടിച്ചു.

> അപ്പൊസ്തലന്മാർ കൈവെച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചതു ശിമോൻ കണ്ടാറെ, അവർക്കു ദ്രവ്യം കൊണ്ടുവന്നു, "ഞാൻ ഒരുത്തന്റെ മേൽ കൈവെച്ചാൽ, അവന്നു പരിശുദ്ധാത്മാവു ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു" (വാക്യങ്ങൾ 18, 19).

ഞാൻ ചെറുപ്പത്തിൽ, വിചാരിച്ചതു ശിമോൻ വാസ്തവത്തിലുള്ള അത്ഭുതം ചെയ്യുവാൻ മാത്രമാണ് വിചാരിച്ചത് എന്നാണ് (വേദിയിൽ ജാലവിദ്യ കാണിക്കുന്ന എല്ലാ മാന്ത്രികരും ചില സമയത്തു ഈ നാട്യവിദ്യയല്ലാതെ: "ഇതു ശരിക്കും ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ചിന്തിച്ചിരിക്കും എന്നാണ് ഞാൻ കരുതുന്നത്?"). ശിമോൻ, എങ്ങനെയായാലും, അതിലും കൂടുതലാണ് ആഗ്രഹിച്ചത് ഫിലിപ്പൊസിനെപ്പോലെയും ശമര്യക്കാരെ പോലെയും ആകുക എന്നായിരുന്നില്ല ശിമോന്റെ ലക്ഷ്യം അവൻ അതിലും മുകളിലെത്തുവാൻ ആഗ്രഹിച്ചു; അവൻ അപ്പൊസ്തലന്മാരെ പോലെ ആകുവാൻ ആഗ്രഹിച്ചു! അപ്പൊസ്തലന്മാരെ പോലെ, താൻ ഇച്ഛിക്കുന്നവരുടെ മേൽ കൈവെച്ച് അവർക്കു അത്ഭുത വരങ്ങൾ നല്കുവാൻ അവൻ ആഗ്രഹിച്ചു.

ശിമോൻ ഈ വരം ആഗ്രഹിച്ചതിന്റെ ഉദ്ദേശങ്ങൾ എന്തായിരുന്നു എന്നെനിക്കറിഞ്ഞുകൂടാ, എന്നാൽ ആ വരം നഷ്ടമാകുന്നതു വിചാരിക്കുമ്പോൾ തന്നെ ഭയമാകുന്നു. മനസാക്ഷിയില്ലാത്ത ഒരാൾ, "നിന്റെ വെള്ളിയും സ്വർണ്ണവും എനിക്കു തന്നാൽ, ശരിക്കും അത്ഭുതം ചെയ്യുവാനുള്ള കഴിവു ഞാൻ നിനക്കു തരാം!" എന്നു പറയുന്നതു നമുക്കു ഊഹിക്കാം ഒരു പക്ഷേ ശിമോനു അത്തരം ചിന്ത ഉണ്ടായിരുന്നിരിക്കയില്ല, എങ്കിലും പത്രൊസ് പറഞ്ഞു "നീ കൈപ്പുള്ള പകയിലും അനീതിയുടം ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു" (വാക്യം 23).

റിപ്പെസ്ഡ് ബൈബിൾ പറയുന്നതു, "കൈപ്പുള്ള പകയും പാപബന്ധനവുമാണ് നിന്റെ വിധി നിർണ്ണയിക്കുന്നത്'' എന്നാണ്![1] "കൈപ്പുള്ള പക" എന്നതു "കടുത്ത പകയെന്നു"[2] സൂചിപ്പിക്കുന്ന എബ്രായ പ്രയോഗമാണ്. ശിമോൻ ആ സമൂഹത്താൽ "ഒന്നുമല്ലാതായി" തീർന്നതായി കേട്ടു; കൈപ്പു അവന്റെ ഹൃദയത്തെ വിഷമയമാക്കി. അധിലധികമായി, അവൻ "പാപത്തിന്റെ ബന്ധനത്തിലായി" പാപം ബന്ധിപ്പിക്കും! നാം ക്രിസ്ത്യാനികളാകുമ്പോൾ, പാപബന്ധം ആയിരുന്നു (റോമർ 6:17, 18) എങ്ങനെയായാലും, വീണ്ടും പാപത്തിലേക്കു പോയി പാപത്തിന്റെ ബന്ധനത്തിലാകുവാൻ, കഴിയും!

ഒരാൾ ക്രിസ്ത്യാനിയായി തീർന്നു കഴിഞ്ഞാൽ, ഒരിക്കലും വീണു പോകാൻ സാദ്ധ്യതയില്ലെന്നാണ് ചിലർ പഠിപ്പിക്കുന്നത്, എന്നാൽ പൗലൊസ് എല്ലാ ദൈവമക്കളെയും മുന്നറിയിക്കുന്നതു, "ആകയാൽ താൻ നില്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12) ശിമോൻ തന്നെ നോക്കിയില്ല; അവൻ

വീണുപോയി. തനിക്കു ലഭിച്ചതെല്ലാം നഷ്ടമാകുന്ന; അപകടാവസ്ഥ യിലായി അവൻ!

പാഠത്തിന്റെ ആദ്യഭാഗത്തിനു ഞാൻ "അന്യാധീനപ്പെട്ട പാപി" എന്നു തലവാചകം കൊടുത്തിരിക്കുന്നു. കാരണം ശിമോൻ "അന്യാ ധീനപ്പെട്ടു" തുടങ്ങി, കർത്താവിനോടു ഒരിക്കലും ബന്ധമില്ലാത്ത അവ സ്ഥയിലായിതീർന്നു (എഫെസ്യർ 2:12). ഈ ഭാഗത്തിനു ഞാൻ തല വാചകം കൊടുത്തിരിക്കുന്നതു "തെറ്റിപോകുന്ന മകൻ" എന്നാണ് കാരണം ശിമോനു കർത്താവിനോടുണ്ടായിരുന്ന ബന്ധം മാറി. അവൻ അന്യാധ്യീനപ്പെട്ടവൻ എന്നതു മാറ്റി; മറിച്ച്, ഒരു ദൈവപൈത ലായിരുന്നു - ഇപ്പോൾ *തെറ്റിയ* മകനായി തീർന്നു. ഒരിക്കൽ കൂടെ ശിമോന്നു മാറേണ്ടിയിരിക്കുന്നു (പരിവർത്തനം) (യാക്കൊബ് 5:19, 20). എങ്ങനെ *യഥാസ്ഥാനപ്പെടാമെന്നു* അവൻ അറിയേണ്ടിയിരിക്കുന്നു.

### യഥാസ്ഥാനപ്പെട്ടു (8:22, 24)

ക്രിസ്ത്യാനിയായിതീരുന്ന പ്രക്രിയയെ ബൈബിൾ "പുതജനനം" എന്നു വിളിക്കുന്നു (യോഹന്നാൻ 3:3-5). ഒരിക്കൽ ഒരാൾ വീണ്ടും ജനിച്ചാൽ, അയാൾ ആ നടപടി ആവർത്തിക്കേണ്ടതില്ല. അവൻ എല്ലാ യ്പോഴും ദൈവമകനാണ്. ഒരു മകനു, എങ്ങനെയാ യാലും, തന്റെ വീട്ടിലെ ആനുകൂല്യത്തിൽ നിന്നു വീണു പോകാനിടയുണ്ട് ഒരു ദൈവ മകനു എങ്ങനെ തന്റെ പിതാവിന്റെ ആനുകൂല്യത്തിലേക്കും ഭവന ത്തിലേക്കും യഥാസ്ഥാനപ്പെടാം?

ശിമോനെ കർശനമായി ശാസിച്ചശേഷം, പത്രൊസ് പറഞ്ഞു, "നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു, കർത്താവിനോടു പ്രാർത്ഥി ക്ക, പക്ഷെ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും" (വാക്യം 22). തെറ്റിപ്പോകുന്ന ഒരു ദൈവ മകനു തിരിച്ചു വരുവാനുള്ള വഴി പത്രൊസ് പറഞ്ഞിരിക്കുന്നതു "മാനസാന്തരപ്പെട്ടു" "പ്രാർത്ഥിക്ക" എന്നതാണ്. ഇതിനെ "രണ്ടാം പാപക്ഷമാനിയമം" എന്നു വിളിച്ചിട്ടു ണ്ട്. "ഒന്നാമത്തെ നിയമം" *അന്യാധീനപ്പെട്ട,* വിശ്വസിച്ചും,[3] മാനസാ ന്തരപ്പെട്ടു, സ്നാനമേല്കുക എന്ന് (2:38; 16:31-34; 22:16). "രണ്ടാമത്തെ പാപക്ഷമാനിയമം" *തെറ്റിപ്പോകുന്ന ക്രിസ്ത്യാനികൾക്കുള്ളതാണ്.*[4] ദൈവമക്കളാകുന്ന നാം പാപം ചെയ്യുമ്പോൾ, നമ്മോടു ആദ്യം മാന സാന്തരപ്പെടുവാൻ പറയുന്നു - നമ്മുടെ "ജീവിതത്തിൽ പാപത്തോ ടുള്ള നമ്മുടെ സമീപനം മാറണം" ആ പാപം ദൈവസഹായത്താൽ മാറ്റുവാനും ശ്രമിക്കണം.[5] ഹൃദയം നുറുങ്ങി നമ്മുടെ പരിഹാരം ഉറപ്പാ ക്കണം, അതിനു (ശേഷംമാത്രം) പാപമോചനത്തിനായി നാം പ്രാർത്ഥി ക്കണം മാനസാന്തരവും പ്രാർത്ഥനയും മാത്രമെ ശിമോന്നു പ്രത്യാശ യായി ഉണ്ടായിരുന്നുള്ളു.

ശിമോൻ ഞെട്ടി. അവൻ പത്രൊസിനോടു പറഞ്ഞു, "നിങ്ങൾ പറ ഞ്ഞതു ഒന്നും എനിക്കു ഭവിക്കാതിരിപ്പാൻ, കർത്താവിനോടു എനി ക്കുവെണ്ടി പ്രാർത്ഥിപ്പിൻ" (വാക്യം 24). പത്രൊസിനോടും യോഹ ന്നാനോടും പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടപ്പോൾ പത്രൊസ് തുടർച്ചയായി കരഞ്ഞിരുന്നു എന്നു വെസ്റ്റേൺ ടെക്സ്റ്റ് പറയുന്നു. ശിമോൻ തന്റെ

ആവശ്യം അറിഞ്ഞുകൊണ്ടാണ് പത്രൊസിനോടു യോഹന്നാനോടും പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടത് യാക്കൊബ് 5:16 പറയുന്നതു, നാം തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു അന്യോന്യം പ്രാർത്ഥിക്കണം എന്നാണ് 1 യോഹന്നാൻ 1:9 പറയുന്നതു "നമ്മുടെ പാപങ്ങളെ നാം ഏറ്റു പറയുന്നു എങ്കിൽ, അവൻ നമ്മുടെ പാപങ്ങളെ സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു എന്നാണ്."

**ഉപസംഹാരം**

ശിമോന്നു എന്തു പറ്റി? എനിക്കറിഞ്ഞുകൂടാ അവനെക്കുറിച്ചു പിന്നീടു വന്ന നൂറ്റാണ്ടുകളിൽ വളരെയധികം എഴുതപ്പെട്ടിട്ടുണ്ട്. വസ്തുതയെ കെട്ടുകഥയിൽ നിന്നു വേർപെടുത്താൻ പ്രയാസമാണ് അവനെക്കുറിച്ച് എല്ലാം നമുക്കറിയാവുന്നതു പ്രവൃത്തികളുടെ പുസ്തകം 8–ാം അദ്ധ്യായത്തിൽ നിന്നാണ്. വ്യക്തിപരമായി, 24–ാം വാക്യം സൂചിപ്പിക്കുന്നതു, അവന്റെ ഭാഗത്തു നിന്നു വാസ്തവത്തിലുള്ള ഒരു മാറ്റമുണ്ടായി, തന്റെ താലന്തുകൾ ദൈവത്തിനെതിരായിട്ടല്ല, കർത്താവിനായി ഉപയോഗിക്കാൻ തീരുമാനിച്ചു എന്നാണ് വ്യക്തിപരമായി വിചാരിക്കാൻ ആഗ്രഹിക്കുന്നത് അവന്റെ അന്തിമസ്ഥാനം എന്തായിരുന്നാലും, അവന്നു അവസരം കിട്ടി – ഫിലിപ്പൊസിന്റെ പ്രസംഗം മുഖാന്തരം അവൻ കർത്താവിനെ കണ്ടുമുട്ടി, അവൻ ശരിയായ പാതയിൽ സഞ്ചരിക്കാനും തുടങ്ങിയിരുന്നു.

ശിമോന്നു, യേശുവിനെ സംബന്ധിച്ചു ഒരു തീരുമാനം എടുക്കേണ്ടതായിവന്നു എന്നു ഒരു ആധുനിക മാന്ത്രികൻ, കുറച്ചു മുമ്പ് പറഞ്ഞ വിവരം എനിക്കറിയാൻ കഴിഞ്ഞു. നമ്മുടെ കാലയളവിലെ ഒരു പ്രമുഖ ജാലവിദ്യക്കാരനാണ് ആൻഡ്രേകോളേ, ഏതാണ്ട് 15 വർഷത്തോളമായി അദ്ദേഹം ജാലവിദ്യ ഒരു ജോലിയായി സ്വീകരിച്ചിരിക്കയാണ് അദ്ദേഹം ഉയർന്ന വിജയിയാണ്, എങ്കിലും ചിലതു അയാൾക്കില്ലായിരുന്നു. അദ്ദേഹം പറഞ്ഞു, "എന്നിൽ എന്തോ കുറവുണ്ടെന്ന കാര്യം എനിക്കറിവുണ്ട് വേദിയിൽ നിന്നു പോകുന്ന രാത്രികളിൽ ഞാൻ മുറിയിലിരുന്നു ചിന്തിക്കു. 'ഇവിടെ ഞാൻ എല്ലാം നേടി. ജീവിതത്തിൽ പലതും ക്രമീകരിക്കയുണ്ടായി, എങ്കിലും എന്റെ ജീവിതത്തിൽ ഞാൻ ശൂന്യത അനുസരിക്കുന്നു'" അദ്ദേഹത്തിന്റെ പ്രദർശന വ്യാപാരത്തിൽ പങ്കുണ്ടായിരുന്ന ഏറ്റവും നല്ല രണ്ടു പേർ ആത്മഹത്യചെയ്തു, അദ്ദേഹം ഇത്തരം അടിസ്ഥാന ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി "ഞാൻ എന്തിനാണ് ഇവിടെ? ഞാൻ എവിടേക്കുപോകുന്നു? എന്റെ ജീവിതത്തിന്റെ ഉദ്ദേശം എന്താണ്?"[6] അവസാനം അദ്ദേഹം യേശുക്രിസ്തുവിന്റെ അത്ഭുതങ്ങൾ ആരായുന്ന വെല്ലുവിളി ഒരു മാന്ത്രികന്റെ കാഴച്ചപ്പാടിൽ ഏറ്റെടുക്കും അദ്ദേഹം താഴെ കൊടുത്തിരിക്കുന്ന വിധം പിന്നീട് എഴുതി:

> തത്വശാസ്ത്ര പശ്ചാത്തലവും മനശാസ്ത്രവും അരിസോണാ സ്റ്റെഫിയ് യൂണിവേഴ്സിറ്റിയിൽ, നിന്നു ബിരുദമെടുത്ത ഒരു മാന്ത്രി

> കനായതുകൊണ്ടു ഞാൻ സംശയാലുവായിരുന്നു. യേശു ദൈവമാണെന്നു അവകാശപ്പെട്ടു എന്നറിയാവുന്നത്ര ബൈബിൾ ഞാൻ വായിച്ചിട്ടുണ്ട് ഒന്നുകിൽ ഒരു കള്ളനായ മനുഷ്യൻ, അല്ലെങ്കിൽ അവൻ അവകാശപ്പെട്ടതു പോലെ – കർത്താവും ദൈവവുമായവൻ.
>
> അതുകൊണ്ടു ഞാൻ ഒരു ജാലവിദ്യക്കാരന്റെ കാഴ്ച്ചപ്പാടിൽ നിന്നു, ക്രിസ്തുവിന്റെ അത്ഭുതങ്ങളെ പറ്റി എളുപ്പത്തിൽ ഒരു ബുദ്ധിമാനായ മാന്ത്രികന് വിഡ്ഢികളാക്കാൻ പറ്റുമെന്നെനിക്കറിയാം സദസ്സ്യരെ വിഡ്ഢികളാക്കുന്ന എല്ലാ മനശാസ്ത്രവും രീതികളും അവർക്കു മനസ്സിലാകയില്ല. സത്യം പറയട്ടെ ക്രിസ്തുവിന്റെ അത്ഭുതങ്ങളെ പരിശോധിക്കുവാനുള്ള യോഗ്യത അവർക്കുണ്ടെന്ന് എനിക്കു തോന്നുന്നില്ല. മറിച്ചു, എന്റെ പ്രസിദ്ധിയില്ല തെളിയിക്കപ്പെട്ട കഴിവിലും എനിക്ക് അഭിമാനത്തോടെ അതിനു കഴിയുമെന്നു പറയാം ഞാൻ മറ്റൊരു ജാലവിദ്യക്കാരനാൽ വിഡ്ഢിയാക്കപ്പെട്ടിട്ടില്ല അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിലെ വഞ്ചകനായിരുന്നു ക്രിസ്തുവെങ്കിൽ, അദ്ദേഹത്താൽ താഴ്ത്തപ്പെടുവാൻ എനിക്കു ഉദ്ദേശവുമില്ല.
>
> യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ തെളിവുകളെയും അത്ഭുതങ്ങളെയും, മാസങ്ങളോളം പര്യവേഷണം നടത്തി മാസ്മരവിദ്യയോ കൃത്രിമ നിദ്രയോ ഉള്ള സാദ്ധ്യത നിരാകരിക്കുന്ന സ്ഥാനത്താണ് അവസാനം ഞാനെത്തിയത് യേശുക്രിസ്തുവിന്റെ അവകാശങ്ങളെ പിന്നെ ചോദ്യം ചെയ്യാൻ എനിക്കു കഴിഞ്ഞില്ല.[7]

ഈ മാന്ത്രികൻ യേശുവും അപ്പൊസ്തലന്മാരും പഠിപ്പിച്ചതുകൂടുതലായി പഠിച്ചു പിന്നെ, അദ്ദേഹത്തിന്റെ രീതിയിൽ, "പരീക്ഷിച്ചുനോക്കിയിട്ടു അവസാനം അദ്ദേഹത്തിന്റെ സാക്ഷ്യം പറയുന്നതു" "ഒരു വ്യക്തിക്കു എടുക്കാവുന്ന ഏറ്റവും വലിയ തീരുമാനമാണിത് ഒരിക്കൽ എന്റെ ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു, 'ആൻഡ്രേ, നിങ്ങളുടെ ജീവിതത്തിൽ, നിങ്ങൾക്കു ക്രിസ്തു നഷ്ടമായാൽ എല്ലാം നഷ്ടമായി എന്നു കരുതുക.'"[8]

ഈ പാഠത്തിൽ, ഞാൻ അധികവും മാന്ത്രികനെ കുറിച്ചാണ് സംസാരിച്ചത്, പക്ഷേ മാന്ത്രികനെക്കുറിച്ചു പറഞ്ഞതു നിങ്ങളോടു ബാധിക്കുന്ന യാഥാർത്ഥ്യമാണ്. ക്രിസ്തുവിനെ കൂടാതെ രക്ഷിക്കപ്പെടാതെ നല്ല ജീവിതം നിങ്ങൾക്കു സ്വയമായി നയിക്കാൻ കഴിയുമെന്നു നിങ്ങൾ വിചാരിച്ചാൽ നിങ്ങൾ സദസ്യരെ വിഡ്ഢികളാക്കിയ മാന്ത്രികനെപോലെയാണ്; കാരണം നിങ്ങൾക്ക് അതിനു സാദ്ധ്യമല്ല (റോമർ 3:23; 6:23)! ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തിന്റെ പ്രകടനമായി, ക്രിസ്തുവിനോടു ചേരുവാൻ (വെള്ളത്തിൽ സ്നാനമേറ്റില്ലെങ്കിൽ) ഉടനെ അതു ചെയ്യുക. ശിമോൻ തെറ്റിപ്പോയതുപോലെ, നിങ്ങൾ തെറ്റിപ്പോയി, എങ്കിൽ മാനസാന്തരത്താലും, ഏറ്റു പറച്ചിൽ കൊണ്ടും, പ്രാർത്ഥനയാലും തിരിച്ചുവരുവാൻ ധൈര്യപ്പെടുക. അങ്ങനെ നിങ്ങൾ ഓരോ ദിവസവും "മർമ്മ പ്രധാനമായ" ഗുണങ്ങൾ നിങ്ങൾക്കുകാണാൻ കഴിയും!

## ദൃശ്യസഹായ കുറിപ്പുകൾ

പാഠം പൂർത്തിയാക്കിയശേഷം പ്രസംഗത്തെ ചുരുക്കി ഒരു നേർത്ത തുണികൊണ്ടുള്ള ബോർഡിൽ നാലു മുഖ്യപോയിന്റുകളും അവതരിപ്പിക്കും. അതു ഏതാണ്ട് മുകളിലെ ചിത്രത്തെ പോലെ ആയിരിക്കും ഈ ചിത്രീകരണം വിസ്താരത്തിൽ ബ്ലാക്ക് ബോർഡിലും ഒരു പ്രൊജക്ടറിന്റെ സഹായത്തോടെ കാണിക്കാം.

സുപരിചിതമായ വ്യാപാരമേളയിൽ പ്രദർശിപ്പിച്ച വെള്ളതുണികഴുകി (ഒരു മത്സരിച്ചുള്ള ഉല്പന്നം). ഈ തുണി ശുദ്ധവും വെള്ളയുമാണ് *വാസ്തവത്തിലുള്ള* പുതിയ വെള്ളതുണി വരുന്നതു വരെ (ഒരു സ്പോൺസറുടെ ഉല്പന്നം) അതു തൊട്ടരികിൽ വെക്കുക. അപ്പോൾ ആദ്യത്തെ തുണി നിറം മങ്ങിയതായു പുതിയ തുണി വെട്ടിതിളങ്ങുന്നവെൺമയുള്ളതായും കാണപ്പെടും അതുപോലെ ശിമോന്റെ സൂത്രവിദ്യ നടന്നുകൊണ്ടിരുന്നപ്പോൾ യഥാർത്ഥ അത്ഭുതം നടന്നതു കണ്ട ജനങ്ങൾ കർത്താവിലേക്കു തിരിഞ്ഞു ഈ ചിത്രീകരണം നിങ്ങൾക്കു ഇത്തരം രണ്ടു തുണി സംഘടിപ്പിച്ചു പ്രദർശിപ്പിക്കാവുന്നതാണ് ഒന്നു വെളുപ്പുകുറഞ്ഞതും മറ്റേതു *ശരിക്കും* വെളുത്തതു ആയിരിക്കണം.

പാപക്ഷമാപണത്തിന്റെ "രണ്ടു നിയമങ്ങൾ ഊന്നി പഠിപ്പിക്കണം." നിങ്ങളുടെ ബ്ലാക്ക്ബോർഡിന്റെ മുകളിൽ ഇടതുവശത്ത്, "അന്യാധീനപ്പെട്ട പാപി" എന്നെഴുതുക, വലത്തു വശത്തു "തെറ്റിപോകുന്ന മകൻ" എന്നും എഴുതുക. അവ ഓരോന്നിന്റെയും താഴെ ഓരോ ഘട്ടത്തിലും പാപക്ഷമാപണത്തിനു എന്തു ചെയ്യണമെന്ന് എഴുതുക അന്യാധീനപ്പെട്ട പാപിയോട് പ്രാർത്ഥിക്കുവാനോ ക്രിസ്ത്യാനിയോടു സ്നാനപ്പെടുവാനോ ഒരിക്കലും പറഞ്ഞിട്ടില്ല എന്നതു ശ്രദ്ധിക്കുക.

---

കുറിപ്പുകൾ

[1]"കയ്പുള്ള പകയിലും" (ഭാവികാലം) എന്നതു (ഭാവിയിൽ) അവൻ *അപകടത്തിൽ* ആണെന്നു വ്യക്തമാക്കുന്നു. [2]കയ്പുള്ള ദ്രാവകം നിറഞ്ഞതാണ് ഗാൾ ("ഗാൾ ബ്ലാഡർ" പോലെ) പ്രയോഗം വ്യക്തമാക്കുന്നതു "അത്യധികം കയ്പുള്ള" എന്നാണ്, അതു എബ്രായ ഉപയോഗമാണ് "ഉയർന്ന കയ്പാണ്." [3]വിശ്വാസം എന്നതു അതു ഏറ്റുപറയുവാനുള്ള മനസുംകാണിക്കുന്നു (8:37). [4]നാമധേയ വിഭാഗങ്ങളിൽ അനേകരും ഇതു തെറ്റിദ്ധരിക്കകൊണ്ട് അന്യാധീനപ്പെട്ട പാപിയോടു പാപമോചനത്തിന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. [5]പ്രവൃത്തി 1, ലെ നിഘണ്ടുവിൽ "മാനസാന്തരം" എന്നതു നോക്കുക. [6]അഡ്രേകോലേ, "ഫ്രം ഫാന്റസി ടു റിയാലിറ്റി," *സൈൻസ് ഓഫ് ദി ടൈംസ്* (ഫെബ്രുവരി 1971): 32. [7]ഇബിഡ്. [8]ഇബിഡ്.

## ഒരു മാന്ത്രികന്റെ പരിവർത്തേനം • പ്രവൃത്തി 8:5- 24



**അന്യാധീനപ്പെട്ട പാപി**
ആഭിചാരക്കാരനായ, ശിമോൻ

“വലിയ ദൈവ ശക്തി”
എന്നു കരുതി!



**പരിവർത്തനം ചെയ്തു**
“ശിമോൻ താനും വിശ്വസിച്ചു
സ്നാനമേറ്റു ഫിലിപ്പൊസിനോട്
ചേർന്നു നിന്നു ...”



**തെറ്റിപ്പോകുന്ന മകൻ**
മറ്റുള്ളവരിൽ കൈവെച്ച് ശക്തി
പകർന്നു കൊടുക്കാനുള്ള വരം
വാങ്ങുവാൻ ശ്രമിച്ചു!

അവൻ വീണ്ടും
പാപത്തിന്റെ ബന്ധനത്തിലായി!



**യഥാസ്നാനപ്പെട്ടു**
പത്രൊസ്പറഞ്ഞു,
“മാനസാന്തരപ്പെട്ടു പ്രാർത്ഥിച്ചാൽ
ഒരു പക്ഷെ ...
ശിമോൻ പറഞ്ഞു “എനിക്കു വേണ്ടി
... പ്രാർത്ഥിപ്പിൻ!”

ശിമോന്റെ പരിവർത്തനവും പുരേകീകരണവും ഒരു ഫ്ലാനൽ ബോർഡ് അവതരണം